ഏവം യോഗേശ്വര: കൃഷ്ണോ ഭഗവാജ്ഞഗദീശ്വര:
ഈയതേ പശുദൃഷ്ടീനാം നിർജ്ജിതോ ജയതീതി സ: **(10–78–16)**
അദാന്തസ്യാ വിനീതസ്യ വൃഥാ പണ്ഡിത മാനിന:
നഗുണായ ഭവന്തി സ്മ നടസ്യേ വാജിതാത്മന: **(10–78–26)**
ഏതദർത്ഥോ ഹി ലോകേƒസ്മിന്നവതാരോ മയാ കൃത:
വധ്യാ മേ ധർമ്മധ്വജിനസ്തേ ഹി പാതകിനോƒധികാ: **(10–78–27)**

*ദന്തവക്രൻ കൃഷ്ണനോട് പറഞ്ഞു:*
ഇന്നു ഞാൻ ഭാഗ്യവാനാണ്. കാരണം അങ്ങയെ മുന്നിൽ കിട്ടിയിരിക്കുന്നു. എൻെറ സുഹൃത്തുക്കളായ ശിശുപാലൻെറയും സാല്വൻെറയും മരണത്തിനു പകരമായി നിങ്ങളെ കൊല്ലാനുള്ള അവസരമായിരിക്കുന്നു. നിങ്ങൾ എൻെറ ബന്ധുവാണെന്നുള്ളതു ശരി തന്നെ. എന്നാൽ രോഗങ്ങൾ ശരീരത്തിൻെറ ശത്രുവെന്നതു പോലെ നിങ്ങളും എനിക്ക് ശത്രു തന്നെ.

*ശുകമുനി തുടർന്നു:*
ദന്തവക്രൻ ഗദയുമേന്തി കൃഷ്ണനു നേരെ പാഞ്ഞടുത്തു. കൃഷ്ണൻ രഥത്തിൽനിന്ന് ചാടിയിറങ്ങി കൈയ്യിൽ ഗദയുമായി അവനെ നേരിട്ടു. ഒരൊറ്റ അടികൊണ്ട് കൃഷ്ണൻ അവൻെറ നെഞ്ചു തകർത്തു. അത്ഭുമെന്നേ പറയേണ്ടു. അസുരൻെറ ദേഹത്തിൽ നിന്നും ഒരു പ്രഭാകിരണം കൃഷ്ണശരീരത്തിൽ പ്രവേശിച്ചു. ശിശുപാലനും ദന്തവക്രനും ഭഗവാൻെറ കാവൽക്കാരായ ജയവിജയൻമാരായിരുന്നുവല്ലോ.

ആ സമയം ദന്തവക്രൻെറ സഹോദരനായ വിദൂരഥൻ കൃഷ്ണനുമായി പോരാടാൻ വന്നു. കൃഷ്ണൻ തൻെറ ചക്രായുധം കൊണ്ട് അവൻെറ കഥ കഴിച്ചു. കൃഷ്ണൻ ദ്വാരകയിലേക്ക് തിരിച്ചു. ആകാശഗായകർ ഭഗവാൻെറ മായാവിലാസവും മഹിമയും വാഴ്ത്തി. “അങ്ങിനെ യോഗേശ്വരനായ കൃഷ്ണൻ ചിലപ്പോൾ മാത്രമേ വിജയിയാകുന്നുള്ളുവെന്ന് സങ്കുചിതദൃഷ്ടിയുള്ളവർക്ക് തോന്നുമെങ്കിലും ഭഗവാൻ സർവ്വദാ വിജയിക്കുന്നു.” ബലരാമൻ പാണ്ഡവൻമാരുടെയും കൗരവൻമാരുടെയും ഇടയിൽ ഒരു യുദ്ധം അനിവാര്യമാണെന്നു കണ്ട് നിഷ്പക്ഷത പാലിക്കാൻ തീരുമാനിച്ചു. അതുകൊണ്ട് അദ്ദേഹം ഒരു തീർത്ഥയാത്ര പുറപ്പെട്ടു. പലേ സ്ഥലങ്ങളും സന്ദർശിച്ച് നൈമിഷാരണ്യത്തിൽ പ്രവേശിച്ചു. അവിടെ അനേകം ബ്രാഹ്മണർ രോമഹർഷണൻ എന്നൊരു സൂതൻെറ (ബ്രാഹ്മണസ്ത്രീയുടെയും ക്ഷത്രിയപുരുഷൻെറയും മകൻ) പ്രവചനം കേൾക്കുകയായിരുന്നു. സൂതൻ ബ്രാഹ്മണരേക്കാളും മഹാത്മാക്കളേക്കാളും ഉയർന്നൊരു പീഠത്തിലാണിരുന്നിരുന്നത്. മാത്രമല്ല ബലരാമനെക്കണ്ട് അദ്ദേഹം എഴുന്നേറ്റ് സ്വാഗതം ചെയ്തതുമില്ല.

ബലരാമൻ പറഞ്ഞു. “വിജ്ഞാനമുള്ളതുകൊണ്ട് ഒരുവന് ഔദ്ധത്യവും അച്ചടക്കമില്ലായ്മയും ആകാം എന്നില്ല. എല്ലാ മിഥ്യാചാരികളെയും ധാർമ്മീകരെന്നു നടിക്കുന്നവരെയും നശിപ്പിക്കാനാണ് ഞാൻ ജനിച്ചിട്ടുള്ളതു തന്നെ. അവർ അധാർമ്മീകജീവിതം നയിക്കുന്നവരേക്കാൾ നീചരത്രെ.” ഇത്രയും പറഞ്ഞ് അദ്ദേഹം സൂതൻെറ കഥ കഴിച്ചു. സഭയിൽ കൂടിയിരുന്ന ബ്രാഹ്മണർ ബലരാമനെ ഭർസിച്ചു. ‘ഞങ്ങൾ അഭ്യർത്ഥിച്ചതനുസരിച്ചാണ് അദ്ദേഹം ഉയർന്ന പീഠത്തിലിരുന്നത്. അദ്ദേഹത്തെ വധിച്ച് നിങ്ങൾ ബ്രഹ്മഹത്യാപാപം വരുത്തി യിരിക്കുന്നു. അങ്ങ് പരംപൊരുളാണെന്ന് ഞങ്ങളറിയുന്നു. എന്നാൽ സാമൂഹ്യനിയമത്തിന് മാതൃക കാണിക്കുന്നതിനായി പ്രായശ്ചിത്തം ചെയ്യേണ്ടതാണ്. അങ്ങു പയോഗിച്ച അസ്ത്രത്തിൻെറ അജയ്യതക്കും മരണത്തിൻെറ അനിവാര്യതക്കും കോട്ടം വരാത്ത വിധത്തിൽ അങ്ങതു വേണ്ടപോലെ ചെയ്താലും.’ ബലരാമൻ പറഞ്ഞു. “ഒരു മനുഷ്യൻ സ്വയം പുത്രനായി പിറക്കുന്നു എന്നാണ് ശാസ്ത്രമതം. അതുകൊണ്ട് രോമഹർഷണൻെറ പുത്രന് ദീർഘായുസ്സും ആരോഗ്യവും നിങ്ങളാഗ്രഹിക്കുന്നതെന്തോ അതും നൽകാം.” ബ്രാഹ്മണർ ഉപദേശിച്ചു. “ബല്വലൻ എന്നൊരു രാക്ഷസൻ ഞങ്ങളെ ദ്രോഹിക്കുന്നു. അവനെ വധിച്ചാലും. എന്നിട്ട് ഒരു വർഷത്തേക്ക് ബ്രാഹ്മഹത്യയ്ക്കു പ്രായശ്ചിത്തമായി രാജ്യം മുഴുവനും തീർത്ഥയാത്ര നടത്തുക. അങ്ങേയ്ക്കങ്ങിനെ പാപവിമോചനംലഭിക്കും.”